**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3876** **28-06-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ കണ്ടിജൻസി ചാർജ്ജിനത്തിലും ലാൻഡ് അക്വിസിഷൻ തുകയിനത്തിലും കണക്കാക്കിയ തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്ന കൊല്ലം നഗര പാത വികസന പദ്ധതിയുടെ കണ്ടിജൻസി ചാർജായ 50 ലക്ഷം രൂപയും ലാന്റ് അക്വിസിഷൻ തുകയായ 435,65,03,647/- (നാനൂറ്റി മുപ്പത്തി അഞ്ച് കോടി അറുപത്തി അഞ്ച് ലക്ഷത്തി മൂവായിരത്തി അറുനൂറ്റി നാൽപ്പത്തി എഴ് രൂപ മാത്രം) രൂപയുമുള്ള ഭരണാനുമതി 15.03.2024 തീയതിയിലെ GO(Rt) No. 371/2024/PWD പ്രകാരം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ? | (ബി) | കേരള റോഡ് ഫണ്ട് ബോർഡിന്റെ നേതൃത്വത്തിൽ നഗര പാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം നഗരത്തിലെ 23.76 കി.മീ. റോഡുകളാണ് വികസിപ്പിക്കുന്നത് (മേവറം - കാവനാട് - 13.15 കി.മീ റയിൽവേ സ്റ്റേഷൻ - ഡീസന്റ് ജംഗ്ഷൻ - 6.30 കി.മീ., തിരുമുല്ലാവാരം - കല്ലുപാലം - കച്ചേരി ജംഗ്ഷൻ - 4.31 കി.മീ). ഇതിലേക്കായി 8.341 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. റോഡുകളുടെ ഫീൽഡ്തല പ്രാരംഭ പരിശോധനകൾ പൂർത്തിയാക്കി. പദ്ധതിയുടെ തുടർനടപടികൾക്കായി കണ്ടിജൻസി ചാർജായ 50 ലക്ഷം രൂപ റിലീസ് ചെയ്യുന്നത് സംബന്ധിച്ച് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ